**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 266** **01-02-2023 - ൽ മറുപടിയ്ക്ക്**

**കാരമൂട് അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ പഞ്ചായത്തിലെ കാരമൂടിലെ 7-ാം നമ്പർ അംഗനവാടി കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | (എ) മഴുവന്നൂർ പഞ്ചായത്തിലെ കാരമൂടിലെ 7-ാം നമ്പർ അങ്കണവാടിയുടെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. ടി അങ്കണവാടി സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത അംഗനവാടി കെട്ടിടത്തിന്റെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | (ബി) അങ്കണവാടി സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് കാലതാമസം വന്നതിനാലും, ടി കാലയളവിൽ നിർമ്മാണസാമഗ്രികളുടെ വിലയിൽ വർദ്ധനവ് വന്നതുകാരണവും നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം കെട്ടിടനിർമ്മാണം നടത്തുവാൻ സാധിക്കുകയില്ല എന്ന് കരാറുകാരൻ ബ്ലോക്ക് പഞ്ചായത്തിൽ അറിയിക്കുകയും, തുടർന്ന് എസ്റ്റിമേറ്റിലെ ഇനങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. |
| (സി) | തടസ്സങ്ങൾ നീക്കി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | (സി) മഴുവന്നൂർ പഞ്ചായത്തിലെ 7-ാം നമ്പർ അങ്കണവാടി കെട്ടിടനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ഇനങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ച് ജില്ലാ കളക്ടറിൽ നിന്നും അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ